**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3283** **13-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ സ്ഥലമേറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യൂ ടി. തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ കിഫ്ബി പദ്ധതിയിൽ അനുവദിച്ച തിരുവല്ല -മല്ലപ്പള്ളി-ചേലക്കൊമ്പ് റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | തിരുവല്ല മല്ലപ്പള്ളി ചേലക്കൊമ്പ് റോഡ് വികസനവുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലയിലെ തിരുവല്ല, കുറ്റപ്പുഴ, കുന്നന്താനം, കല്ലൂപ്പാറ, മല്ലപ്പള്ളി, ആനിക്കാട് എന്നീ വില്ലേജുകളിലെ 2.0305 ഹെക്ടർ സ്ഥലവും, കോട്ടയം ജില്ലയിലെ പായിപ്പാട്, നെടുങ്കുന്നം എന്നീ വില്ലേജുകളിലെ .3530 ഹെക്ടർ സ്ഥലവും ഉൾപ്പടെ ആകെ 2.3835 ഹെക്ടർ സ്ഥലം 2013-ലെ എൽ.എ.ആർ.ആർ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതും, സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി, വിദഗ്ധ സമിതി രൂപീകരിച്ച് 17/03/2022-ലെ സ.ഉ.(കൈ) നം.72/2022/റവ പ്രകാരം എൽ.എ.ആർ.ആർ ആക്ട്, 2013 ലെ സബ് സെക്ഷൻ (2) സെക്ഷൻ 8 പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. 2013-ലെ എൽ.എ.ആർ.ആർ ആക്ട് അനുശാസിക്കും പ്രകാരമുള്ള നടപടി ക്രമങ്ങൾ നടത്തേണ്ടത് മൂലമാണ് കാലതാമസം ഉണ്ടാകുന്നത്. നിശ്ചിത സമയ പരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | സ്ഥലമേറ്റെടുക്കൽ പ്രവർത്തനങ്ങൾ നടന്നു വരുന്ന ഓഫീസുകളിൽ കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | ആലപ്പുഴ ജില്ലയിലെ കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുക്കൽ നടപടികൾക്ക് ചേർത്തല, കായംകുളം എന്നീ സ്ഥലങ്ങളിലായി 2 എൽ.എ കിഫ്ബി യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. പത്തനംതിട്ട ജില്ലയിലെ കിഫ്ബി പദ്ധതികളുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ എൽ.എ കിഫ്ബി കായംകുളം യൂണിറ്റ് വഴിയാണ് നടത്തി വരുന്നത്. പത്തനംതിട്ട ജില്ലയിലെ കിഫ്ബി പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് ആവശ്യമെങ്കിൽ എൽ.എ കിഫ്ബി കായംകുളം (ആലപ്പുഴ) യൂണിറ്റിനെ, ജില്ലാ കളക്ടർ/കിഫ്ബി |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെടുന്ന പക്ഷം പത്തനംതിട്ട ജില്ലയിലെ സ്ഥലമേറ്റെടുക്കൽ നടപടികൾക്കു വേണ്ടി മാത്രമായി ചുമതലപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ